
# പ്രിസം

# 2025



# അക്കാദമിക മാസ്റ്റർ പ്ലാൻ

# സെന്റ്. ജോസഫ്സ്
# യു. പി. എസ്.



# കുണ്ടന്നൂർ

# ആമുഖം

വർത്തമാനകാലത്തിൽ മനുഷ്യന് നഷ്ടമായി കൊണ്ടിരിക്കുന്ന മാനവദർശി- മാനവികത, ദൈവികത തുടങ്ങിയവയെ പുന: പ്രതിഷ്ഠിച്ച് ലക്ഷ്യമില്ലാതിഴയുന്ന മനുഷ്യ സമൂഹത്തിനെ അറിവിന്റെ പാതയിലേക്കും സന്മാർഗ്ഗത്തിലേക്കും നയിക്കാനുള്ള പ്രാഥമികതല പ്രവർത്തനങ്ങളാണ് ഈ വിദ്യാലയം വിഭാവനം ചെയ്യുന്നത്. ആർഷ- ഭാരത സംസ്കാരത്തെ ഉൾക്കൊണ്ടുകൊണ്ട് നാളത്തെ പൗരന്മാരെ രൂപപ്പെടുത്താൻ ഇവിടുത്തെ വിദ്യാർത്ഥികളും അധ്യാപകരും മാനേജ്മെന്റും രക്ഷിതാക്കളും പൂർവ്വ വിദ്യാർത്ഥികളും കൈകോർക്കുന്നു, നല്ലൊരു നാളേക്കു വേണ്ടി......

## ലക്ഷ്യങ്ങൾ - അക്കാദമിക മികവിന് ഊന്നൽ

* ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാകുന്നു.
* വിദ്യാലയത്തിൽ കുട്ടികളുടെ പൂർണ്ണപങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
* വിദ്യാർത്ഥികൾക്ക് ക്ലാസ്സ്മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമെ കലാ കായിക - പ്രവൃത്തിപരിചയ പഠനപ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.
* വിദ്യാലയത്തിലെ പഠന പിന്തുണ സംവിധാനങ്ങളായ ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രാപ്തമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.

# അക്കാദമിക ലക്ഷ്യങ്ങൾ

* ഗണിതപഠനം ഉല്ലാസപ്രദവും ആനന്ദകരവുമായി തീർത്ത് മുഴുവൻ കുട്ടികൾക്കും ഗണിതശേഷികൾ ഉറപ്പാക്കുക.
* അന്താരാഷ്ട്ര ഭാഷയായ ഇംഗ്ലീഷ് അനായാസം കൈകാര്യം ചെയ്യുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക.
* മാതൃഭാഷയായ മലയാളം തെറ്റില്ലാതെ വായിക്കാനും എഴുതാനും കുട്ടികളെ കഴിവുള്ളവരാക്കുക.
* കുട്ടികളിൽ പരിസ്ഥിതി സൗഹൃദ മനോഭാവം, വ്യക്തി ശുചിത്വം എന്നിവ വളർത്തി എടുക്കുക.
* പരീക്ഷണ- നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് ശാസ്ത്രീയ മനോഭാവം വളർത്തുക.
* ദേശസ്നേഹവും രാഷ്ട്രത്തോട് പ്രതിബദ്ധതയും ഉള്ളവരാക്കുക.
* പാഠ്യേതര പ്രവർത്തനങ്ങളിൽ കൂടുതൽ മികവ് ഉള്ളവരാക്കുക.
* പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് അവർക്കനുയോജ്യമായ പ്രവർത്തനങ്ങൾ കൂടി നൽകി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുക.
* നൂതനമായ വിവരസാങ്കേതിക മാർഗ്ഗങ്ങൾ പ്രയോജനപ്പെടുത്തി കുട്ടികൾക്ക് പുതിയ അനുഭവങ്ങൾ ലഭ്യമാക്കുക.

* പുസ്തകങ്ങളുടെ ഉപയോഗം ഫലപ്രദമാക്കുക.
* ലൈബ്രറി സംവിധാനം ആകർഷകമാക്കുക.
* സംസ്കൃത ഭാഷയിലേക്ക് കൂടുതൽ കുട്ടികളെ ആകർഷിക്കുക.
* ഹിന്ദി ഭാഷ ഫലപ്രദമായി എഴുതാനും വായിക്കാനും സംസാരിക്കാനുമുള്ള കഴിവ് നേടിക്കൊടുക്കുക.
* ഉറുദു ഭാഷ ഫലപ്രദമായി എഴുതാനും വായിക്കാനും സംസാരിക്കാനും ഉള്ള കഴിവ് വളർത്തുക.
* പ്രതിഭാപോഷണ പരിപാടി ശക്തിപ്പെടുത്തുക.
* LSS, USS, GK, Quiz എന്നിവയിലുള്ള സമഗ്ര പരിശീലനം നൽകുക.
* മാനസിക ഉല്ലാസവും ശാരീരിക ക്ഷമതയും വർധിപ്പിക്കുന്നതിന് വേണ്ടി കായിക പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുക.
* ഓരോ കുട്ടികളെയും സ്വയം തിരിച്ചറിയാൻ സഹായിക്കുകയും അവരിലെ പ്രതിഭകളെ കണ്ടെത്തി കഴിവുകൾ വികസിപ്പിക്കുക.
* ഓരോ കുട്ടിയിലും ആത്മവിശ്വാസവും നേതൃത്വപാടവും വളർത്തുക.

# വിദ്യാലയ ചരിത്രം

കുണ്ടന്നൂർ ഗ്രാമത്തിന്റെ പൊൻതിലകമായ്, അറിവിന്റെ അനന്തവിഹായസ്സിലേക്ക് പറന്നുയരാൻ വെമ്പുന്ന കുരുന്നു പൈതങ്ങൾക്ക് താങ്ങും തണലുമായി ഉയർന്നു നിൽക്കുകയാണ് കുണ്ടന്നൂർ സെന്റ്. ജോസഫ്സ് യു.പി. സ്കൂൾ. അറിവിന്റെ ജീവാമൃതം തൂകിക്കൊണ്ട് വി. യൗസേപ്പിതാവിന്റെ നാമത്തിൽ സ്ഥാപിതമായിരിക്കുന്ന സെന്റ്. ജോസഫ്സ് യു.പി. സ്കൂൾ നേട്ടങ്ങൾ കൊയ്തുകൊണ്ട് സഹർഷം യുഗങ്ങൾ പിന്നിടുകയാണ്. ഈ സരസ്വതിക്ഷേത്രത്തിൽ കാലെടുത്തു വെയ്ക്കുന്ന ഓരോ കുഞ്ഞിപ്രാവുകൾക്കും ജീവിതത്തിന്റെ വെല്ലുവിളികളെ നേരിടുവാൻ, നല്ല ബോധ്യങ്ങളിലും മൂല്യങ്ങളിലും വളരുവാൻ, ജ്ഞാനത്തിന്റെ പ്രകാശം പരത്തുന്ന കൊച്ചുദീപങ്ങളായി പ്രശോഭിക്കുവാൻ ഇവിടുത്തെ അധ്യാപകരും രക്ഷിതാക്കളും നാട്ടുകാരും പരിശ്രമിക്കുന്നുവെന്നത് അനിഷേധ്യമായ ഒരു വസ്തുതയാണ്.

കുണ്ടന്നൂരിന്റെ സാംസ്കാരിക പൈതൃകം നിലനിർത്തുന്നതിനും നവീകരിക്കുന്നതിനും തലമുറകളിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നതിനുമായി ദീർഘ വീക്ഷണത്തോടെ നമ്മുടെ പൂർവീകർ

സ്ഥാപിച്ച ഈ വിദ്യാലയം 120 വർഷങ്ങൾ പിന്നിടുകയാണ്. ലോകത്തെ മാറ്റാനുള്ള ഏറ്റവും നല്ല ആയുധം വിദ്യാഭ്യാസമാണ്. ഒരു വ്യക്തിയുടെ വികാസത്തിലും, അയാളെ അറിവുള്ള പൗരനാക്കുന്നതിലും, വിദ്യാഭ്യാസം പ്രധാന പങ്കുവഹിക്കുന്നു. വിദ്യാഭ്യാസമാണ് വ്യക്തിയെ സ്വയം പര്യാപ്തമാക്കുന്നത്. പ്രകൃതിയുടെ നിഗൂഢതകൾ അനാവരണം ചെയ്ത് സമൂഹത്തിന്റെ പ്രവർത്തനം മനസ്സിലാക്കാനും മെച്ചപ്പെടുത്താനും വിദ്യാഭ്യാസം നമ്മെ പ്രാപ്തരാക്കുന്നു. വിദ്യയാണ് ഏറ്റവും വലിയ സമ്പത്തെന്ന തിരിച്ചറിവിൽ 1902-ൽ സെന്റ്. ജോസഫ്സ് യു.പി. സ്കൂൾ സ്ഥാപിതമായി.
മേയ്ക്കാട്ടുകുളം ലോന കുരിയാക്കു ആയിരുന്നു ആദ്യത്തെ മാനേജർ.
കാലാന്തരത്തിൽ വിദ്യാലയ നടത്തിപ്പ് കുണ്ടന്നൂർ പള്ളി ഏറ്റെടുത്തു.
സ്കൂളിന്റെ ആരംഭത്തിൽ എൽ.പി. സ്കൂളായി വർത്തിച്ച വിദ്യാലയം 1945-ൽ യു.പി. സ്കൂളായി ഉയർത്തപ്പെട്ടു.

വി. യൗസേപ്പിതാവിന്റെ നാമധേയത്തിൽ സ്ഥാപിതമായ ഈ വിദ്യാലയം പുരോഗതിയുടെ പടവുകൾ ചവുട്ടിക്കയറുകയാണ്.

അനുദിനം പുരോഗതിയിലേക്കു കുതിക്കുന്ന സെന്റ്. ജോസഫ്സ് യു.പി. സ്കൂളിന്റെ തിരുമുറ്റത്ത് കളിച്ചുവരും പഠിച്ചുവരും ഇന്ന് ലോകത്തിന്റെ നാനാ അതിർത്തികളിൽ ഉജ്ജ്വലസേവനം കാഴ്ചവെക്കുന്നു. ശാസ്ത്ര-കലാ-കായിക-പ്രവൃത്തിപരിചയ മേളകളിൽ നമ്മുടെ വിദ്യാലയം വടക്കാഞ്ചേരി ഉപജില്ലയിൽ മുൻനിരയിൽ തന്നെയുണ്ട്. ഈ വിദ്യാലയത്തിൽ 24 ഡിവിഷനുകളിലായി ആയിരത്തിൽപരം വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്.

വി.യൗസേപ്പിതാവിന്റെ നാമധേയത്തിൽ സ്ഥാപിതമായ നമ്മുടെ വിദ്യാലയത്തിന് വിവിധ മേഖലകളിൽ നേട്ടം കൈവരിച്ച അനേക പ്രതിഭകളെ സമൂഹത്തിനു നൽകാൻ കഴിഞ്ഞുവെന്നതിൽ അഭിമാനിക്കാം. വിദ്യാലയത്തിന്റെ കെട്ടിടങ്ങളും ഭൗതിക സാഹചര്യങ്ങളും നവീകരിക്കേണ്ടതാണെന്നു മനസ്സിലാക്കി 2003-ൽ ഫാ. ഫ്രാൻസിസ് മുട്ടത്ത് അച്ചന്റെ നേതൃത്വത്തിലാണ് 18 ക്ലാസ്സ്മുറികൾ ഉൾപ്പെടുന്ന പുതിയ ബ്ലോക്ക് പണിതത്. 2011-ൽ അന്നത്തെ മാനേജരായ ഫാ. തോമസ് ചുണ്ടൽ അച്ചന്റെ നേതൃത്വത്തിൽ ബാക്കിയുള്ള കെട്ടിടങ്ങൾ പൊളിച്ചുനീക്കി 9 ക്ലാസ്സ്മുറികളുള്ള പുതിയ കെട്ടിടം പണി തീർത്തു. ഒപ്പം തന്നെ

മനോഹരമായ ഒരു ഗ്രൗണ്ടും ക്രമീകരിച്ചു. 2014-15 ൽ 3 പുതിയ ഡിവിഷനുകൾ കൂടി ആരംഭിച്ചാണ് ഇപ്പോൾ ഉള്ള 24 ഡിവിഷനായത്. കുട്ടികളുടെ സമഗ്രവികസനം ലക്ഷ്യം വെച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് നമ്മുടെ വിദ്യാലയം നടപ്പിലാക്കുന്നത്. 2005 ലാണ് ഓരോ ക്ലാസ്സിലും ഇംഗ്ലീഷ് മീഡിയം ഡിവിഷനുകൾ ആരംഭിച്ചത്.

2017-18 കാലയളവിൽ അതിമനോഹരമായ ഒരു പാർക്കും, വോളിബോൾ-ഷട്ടിൽ കോർട്ട് എന്നിവയോടു കൂടിയ ഒരു ഗ്രൗണ്ടും ഒരുക്കി. കൂടാതെ പച്ചക്കറിത്തോട്ടവും പൂന്തോട്ടവും സ്കൂൾ സൗന്ദര്യത്തിന്റെ മാറ്റു കൂട്ടുന്നു.

വിദ്യാലയത്തിന്റെ പ്രവർത്തനങ്ങളിൽ മാനേജ്മെന്റിനോടും അധ്യാപകരോടും ചേർന്നു പ്രവർത്തിക്കുന്ന നല്ലവരായ നാട്ടുകാരുടെയും രക്ഷാകർത്താക്കളുടെയും കൂട്ടായ്മയിൽ വിദ്യാലയത്തിനഭിമാനിക്കാം. ക്ലാസ്സ്-റൂമുകളിൽ പ്രൊജക്ടർ ഉപയോഗിച്ചുള്ള പഠനം ലഭിക്കുന്നതു മൂലം പഠനം സുഗമമായി മുന്നോട്ടു കൊണ്ടുപോകാൻ വിദ്യാർത്ഥികൾക്കു സാധിക്കുന്നു.

2021-22 അധ്യയന വർഷത്തിൽ സ്കൂളിലെ ആസ്ബറ്റോസ് ഷീറ്റ് മാറ്റി TATA സ്റ്റീൽ ഷീറ്റു ഇട്ടു പൂർവ്വാധികം ഭംഗിയാക്കി, അതുപോലെ ഒന്നാം ക്ലാസ്സുകളിൽ ടൈൽ വിരിച്ച് ക്ലാസ്സ്റൂമുകൾ കൂടുതൽ ആകർഷകമാക്കി. ഓരോ ക്ലാസ്സിനും രണ്ട് ലാപ് ടോപ്പുകൾ വീതം സ്കൂളിലുണ്ട്.

മാനസികവും ശാരീരികവുമായ വ്യായാമത്തിനും സന്തോഷത്തിനും ഊന്നൽ നൽകിക്കൊണ്ട് കളി ഉപകരണങ്ങൾ വാങ്ങിച്ചു. വിദ്യാലയത്തിലും പരിസരങ്ങളിലും ക്യാമറകൾ സ്ഥാപിച്ചു. സ്കൂളിൽ പ്രാവുകളുടെ ശല്യം ഉണ്ടാകാതിരിക്കാനായി നെറ്റുകൾ സ്ഥാപിച്ചത് വിദ്യാലയശുചിത്വം ഉറപ്പാക്കി. കുട്ടികളുടെ സുരക്ഷക്കുവേണ്ടി വിദ്യാലയത്തിലെ വരാന്തകളിലും കോണിപ്പടികളിലും കൈവരി പിടിപ്പിച്ചു.

വെറുമൊരു പഠനസ്ഥലം മാത്രമല്ല ശാരീരികവും മാനസികവുമായ വളർച്ചയ്ക്കുകൂടി ഉതകുന്ന വിദ്യാഭ്യാസം നൽകാൻ ഈ വിദ്യാലയത്തിലെ അധ്യാപകർ ദത്തശ്രദ്ധരാണ്, സത്യത്തെ സത്യമായി കാണുന്ന, ജീവിതത്തെ അനശ്വരതയിലേക്കുള്ള യാത്രയായി കാണുന്ന, ചരിത്രത്തിന്റെ രാജവീഥികൾക്കിരുവശവും നമ്മുടെ അനശ്വരസ്മാരകങ്ങൾ പണിയുന്ന ഒരു നല്ല തലമുറയെ വാർത്തെടുക്കാൻ ഈ വിദ്യാലയം പ്രതിജ്ഞാബദ്ധമാണ്.

# മികവിനായുള്ള പ്രവർത്തനങ്ങൾ

## പഠനമികവ്

* ഉണർവ് ക്ലാസ് - പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരെ അക്ഷരത്തിന്റെയും അക്കങ്ങളുടെയും ലോകത്തിലേക്ക് കൈപ്പിടിച്ചുയർത്താനായി ക്ലാസ്സ് 1 മുതൽ 1½ വരെ എല്ലാ ദിവസവും ക്ലാസ് നൽകുന്നു.

* മികവ് ക്ലാസ് - പഠനത്തിൽ മുന്നോക്കം നിൽക്കുന്ന കുട്ടികളെ സ്കോളർഷിപ്പിന് ഒരുക്കുന്നതിനും പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കുന്നതിനും ആവശ്യമായ പരിശീലനം നൽകുന്ന ക്ലാസ് എല്ലാ ദിവസവും 1 മുതൽ 1½ വരെ നൽകുന്നു.

* സ്കോളർഷിപ്പ് പരീക്ഷയുടെ അടുത്ത മാസങ്ങളിൽ രാവിലെ 9 മുതൽ 10 വരെ പരിശീലനം നൽകുന്നു.

* ഗ്രാമർ ക്ലാസ് - ഇംഗ്ലീഷ് ഭാഷയിൽ കൂടുതൽ പ്രാവീണ്യം നേടുന്നതിനായി ഗ്രാമർ ക്ലാസ്സുകൾ ആഴ്ചയിൽ ഒരു period വീതം എടുക്കുന്നു.

* G.K ക്ലാസ് - കുട്ടികൾക്ക് പൊതുവിജ്ഞാനം ഉണ്ടാക്കിയെടുക്കാൻ ആഴ്ചയിലൊരുദിവസം പതിനഞ്ച് ചോദ്യങ്ങൾ നൽകുന്നു. മാസത്തിലൊരിക്കൽ പരീക്ഷ നടത്തുന്നു. വിജയികൾക്ക് സമ്മാനങ്ങൾ നൽകുന്നു.

* Best class - കുട്ടികളിൽ അച്ചടക്കം, ശുചിത്വം, കൃത്യനിഷ്ഠ എന്നീ ഗുണങ്ങൾ വളർത്തിയെടുക്കാൻ കുട്ടികളിൽനിന്ന് ലീഡർമാരെ തെരഞ്ഞെടുത്ത് ഓരോ ക്ലാസ്സും നിരീക്ഷിച്ച് മാർക്കിട്ട് best class തെരഞ്ഞെടുക്കുന്നു.

* കരാട്ടെ, യോഗ ക്ലാസ് - കുട്ടികളുടെ ശാരീരികവും മാനസികവുമായ വികാസത്തിനും ഏകാഗ്രതയും ഓർമശക്തിയും വളർത്താൻ ആഴ്ചയിലൊരിക്കൽ യോഗ, കരാട്ടെ ക്ലാസ്സുകൾ നടത്തുന്നു.

* ഡാൻസ് ക്ലാസ് - കുട്ടികളിലെ കലാപരമായ കഴിവ് വളർത്തിയെടുക്കാൻ ഡാൻസ് ക്ലാസ്സുകൾ ആഴ്ചയിലൊരിക്കൽ നടത്തുന്നു.

* MPTA കോച്ചിങ് ക്ലാസ്സുകൾ : യോഗ, കരാട്ടെ ക്ലാസ്സുകൾ, ഡാൻസ് ക്ലാസ് ഇവയിൽ ചേരാത്ത കുട്ടികൾക്കായി പ്രാവീണ്യം നേടിയ അമ്മമാർ കോച്ചിങ് ക്ലാസ്സുകൾ അതേസമയംതന്നെ നടത്തുന്നു. കുട്ടികളിലെ നിർമ്മാണശേഷിയും സൗന്ദര്യബോധവും വളരാൻ ഇതുമൂലം സാധിക്കുന്നു.

* പഠനോപകരണനിർമ്മാണ ശില്പശാലകൾ - കുട്ടികൾക്ക് പഠനത്തിൽ കൂടുതൽ താത്പര്യവും നിർമ്മാണശേഷിയും വളരാൻ ഇത്തരം ശില്പശാലകൾ സഹായിക്കുന്നു. On the spot മത്സരങ്ങളുമായി നടത്തിയാണ് ശില്പശാലകൾ സംഘടിപ്പിക്കുന്നത്.

* സ്റ്റുഡന്റ് - ടീച്ചർ പ്രോഗ്രാം. കുട്ടികളിൽ പഠനം ആഴത്തിൽ നടക്കാനും അവരുടെ അറിവ് മറ്റുള്ളവർക്ക് പങ്കുവെച്ച് കൊടുക്കാനും ഇത്തരം പ്രോഗ്രാമുകൾ സഹായിക്കുന്നു. എല്ലാ വെള്ളിയാഴ്ചയും അവസാനത്തെ പിരീഡ് ഇതിനായി മാറ്റിവെയ്ക്കുന്നു.

# സ്കൂളിന്റെ ഭൂമിശാസ്ത്രം

ഏരുമപ്പെട്ടി പഞ്ചായത്തിൽ കുണ്ടന്നൂർ ഗ്രാമത്തിന് തിലകക്കുറിയായി വിളങ്ങിക്കുന്ന സെന്റ്. ജോസഫ്സ് യു.പി. സ്കൂൾ ഇവിടുത്തെ സാധാരണക്കാരായ ജനങ്ങൾക്ക് അറിവിന്റെ വെളിച്ചം പകർന്നു നൽകുന്ന വിദ്യാലയമാണ്, 'എന്റെ വിദ്യാലയം' എന്ന് ഏറെ അഭിമാനത്തോടെ, സന്തോഷത്തോടെ, ആത്മനിർവൃതിയോടെ പറയുന്ന ഗ്രാമീണരാണ് ഈ വിദ്യാലയത്തിന്റെ ശക്തി,

പച്ചപുതച്ച വയലേലകളും അവയോട് ചേർന്നൊഴുകുന്ന ചെറിയ പുഴകളും കുന്നുകളും മലകളും നിറഞ്ഞതാണ് ഈ ഗ്രാമം, ഗ്രാമത്തിന്റെ ഹൃദയഭാഗത്തായാണ് ഈ വിദ്യാലയം

സ്ഥിതി ചെയ്യുന്നത്. ഏതു ഭാഗത്തു നിന്നും വിദ്യാലയത്തിലേക്ക് സുഗമമായി എത്തിച്ചേരാവുന്ന വിധത്തിൽ റോഡുകളുണ്ട്, സ്കൂളിന്റെ ഇടതുവശം ചേർന്ന് പുറകിലൂടെ 'കാർമൽ സ്ട്രീറ്റ്' എന്ന റോഡുണ്ട് ഒന്നര നൂറ്റാണ്ടോളം പഴക്കമുള്ള കുണ്ടന്നൂർ കർമ്മലമാതാ ദേവാലയ-ത്തിനോട് ചേർന്നുള്ള അങ്കണത്തിലാണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്, സ്കൂൾ ഗ്രൗണ്ട് സ്ഥിതി ചെയ്യുന്നത് സ്കൂളിന്റെ വടക്കു-പടിഞ്ഞാറ് ഭാഗത്തായാണ്

# SCHOOL PROFILE

| | | |
|---|---|---|
| NAME OF SCHOOL WITH LAND PHONE NUMBER | : | ST. JOSEPH'S UPS KUNDANNUR<br>04884-234946 |
| NAME OF REVENUE VILLAGE/WARD | : | CHITTANDA |
| NAME OF CLUSTER [C.R.C.] | : | GLPS ERUMAPETTY |
| NAME OF PANCHAYATH | : | ERUMAPETTY |
| NAME OF BLOCK [B.R.C.] | : | WADAKKANCHERY |
| NAME OF DISTRICT | : | THRISSUR |
| NAME OF EDUCATIONAL SUB-DISTRICT | : | WADAKKANCHERY |
| NAME OF H.M. WITH MOBILE NUMBER | : | SRI. JOSEPH. M.D<br>MOB:- 9495332033 |

Domain :- Academic English [L.P.]

Class I

| Aim | Activity | Period | Charge | Economic Analysis |
|---|---|---|---|---|
| * To give more opportunities to hear English language | * Cartoon display & * Cinema show | Once in a month | Class Teacher | SSA |

Class II

| Aim | Activity | Period | Charge | Economic Analysis |
|---|---|---|---|---|
| * To speak English with great confidence | * Let's talk..... Talking with able persons. | Once in three months. | SRG | PTA |
| | * English Balasabha | Once in a month. | Class Teacher | |
| | * English Assembly | Once in a week. | | |

Class III

| Aim | Activity | Period | Charge | Economic Analysis |
|---|---|---|---|---|
| * To read English fluently with correct ideas | *Class Library | June to March | Class Teacher | CPTA |
| | * News Reading Competition | Once in a month | | PTA |
| | * Reading Childrens' Magazines | June to March | " | SSA |

Class IV

| Aim | Activity | Period | Charge | Economic Analysis |
|---|---|---|---|---|
| * To improve ability in reading and writing English in proper way | * Conduct English Assembly in a week | June to March | Class Teacher | CPTA |
| * To write English Correctly | * Write diary in English everyday | June to March | Class Teacher | |

| Aim | Activity | Period | Charge | Economic Analysis |
| --- | --- | --- | --- | --- |
| * English Theatre :- Empowering Students different talents | * Change English lessons to skit, Drama, Conversation Story Telling.... | Once in a month | Class Teacher | PTA |
| * English Magazine :- Expanding different abilities of writing skill | * Making Students magazines with their writings | Once in three months | H.M. | PTA |
| * English Letter Writing :- Create good writing skills in English language | * Writes letter to a friend about their school activities | Once in a month | Class Teacher | |
| * English Corner :- Expanding the reading capacity among students | * Making reading corners and reading time according to student's age | Once in a week | Class Teacher | CPTA |

## മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | Lend your ear - ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ്ബ് |
| | Follow me if you can! ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | Breaking news. ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | Missing man അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം മററ് കുട്ടികൾക്ക് അവതരിപ്പിക്കുവാനുള്ള അവസരം ഒരുക്കുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | Treasure hunt വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിവിധ അറകളാക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെക്കുറിച്ച് വർണ്ണിക്കുന്നു. വസ്തു ഏതെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | ആഗസ്റ്റ് | ഇംഗ്ലീഷ് അധ്യാപകർ | |
| | Meet the foreigner തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയവിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു. | വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | One man show ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ | |
| 2) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു. | I too can! വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. (ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക്) | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | Leaning ladder പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ചു വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം | | | |

| | | | | |
|---|---|---|---|---|
| | നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കേൾക്കുന്നവർക്ക് പടിപടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | സെപ്തംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | F.M. Corner. വ്യത്യസ്തമായ കഥകൾ Reader's Theatre റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | ടേമിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | Reader of the month ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി. Reader of the month നെ ആദരിക്കുന്നു. | മാസം തോറും | ഇംഗ്ലീഷ് അധ്യാപകർ | |
| 3) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | My droplets കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ, മിനി ഡിക്ഷ്ണറി എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ | |
| | Alert Zone സൂചനബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | Run Baby Run ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനുശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു.<br>Funtime funda കടംകഥകൾ, കുസൃതിചോദ്യങ്ങൾ, കളികൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | ഫെബ്രുവരി<br>എല്ലാ ഇംഗ്ലീഷ് പിരീഡും | ഇംഗ്ലീഷ് അധ്യാപകൻ<br>ഇംഗ്ലീഷ് അധ്യാപകൻ | |
| 4) ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | The grand camp. ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5,6,7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു.<br>അഞ്ചാം ക്ലാസിനായി കഥ പറയൽ, കഥയെഴുത്ത്. ആറിന് Role play, നാടകം. ഏഴാം ക്ലാസിന് Choreography. ക്യാമ്പിന് ഒടുവിൽ ഡോക്യുമെന്ററി/ ഫിലിം ഷോ. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ, പി.ടി.എ ഭാരവാഹികൾ, രക്ഷിതാക്കൾ | |

| മേഖല: അക്കാദമികം. ഉപമേഖല: ഭാഷ | | | ക്ലാസ്സ് - 1 | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| അടിസ്ഥാന ഭാഷാശേഷി വികസനം | 1. ഭാഷാകേളി കുട്ടികളിലും. പാട്ടുകളും കഥകളുമായി കുട്ടിക്കൂട്ടങ്ങൾ സംഘടിപ്പിക്കൽ.<br>2. അമ്മ വായന. അമ്മമാർ കുട്ടിക്കഥകൾ അവതരിപ്പിക്കുന്നു. | സെപ്തംബർ ഒക്ടോബർ<br>ജൂലൈ ഡിസംബർ<br>ജനുവരി മാസത്തിലൊരിക്കൽ | ക്ലാസ്സ് ടീച്ചർ SRG, SMC സ്കൂൾ വികസന സമിതി<br>ക്ലാസ്സ് ടീച്ചർ SRG മദർ പി.ടി.എ | SMC<br>മദർ പി.ടി.എ |
| | ക്ലാസ്സ് - 2. | | | |
| ഉചിതമായ വ്യവഹാരരൂപങ്ങളിലൂടെ ലേഖനമികവ്. | 1. എഴുത്തും കുത്തും ലഘു രചനയിലേക്ക് നയിക്കുന്ന രചനാ ക്യാമ്പുകൾ.<br>2. ലഘു പതിപ്പുകൾ തയ്യാറാക്കൽ. | ഒക്ടോബർ നവംബർ ഡിസംബർ<br>ഡിസംബർ | SRG, SMC ക്ലബ്ബുകൾ മദർ പി.ടി.എ<br>സ്റ്റാഫ് | SRG<br>മദർ പി.ടി.എ |
| സർഗാത്മകതയെ തട്ടിഉണർത്താം. | 1. രചനാ ശില്പശാല കഥ, കവിത രചനകൾക്കുള്ള വേദിയൊരുക്കൽ | ജനുവരി | SMC അധ്യാപകർ ക്ലബ്ബുകൾ പ്രമുഖവ്യക്തികൾ | SRG<br>SMC |

മേഖല: അക്കാദമികം. ഉപമേഖല: ഭാഷ ക്ലാസ്: III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാഹിത്യപ്രതിഭകളെ അടുത്തറിയാം | 1. കവികളെക്കുറിച്ചുള്ള ഡോക്യുമെന്ററി.<br>2. പുസ്തക ശേഖരണവും പ്രദർശനവും.<br>3. ചിത്ര ഗ്യാലറി. | ജൂൺ<br>ജൂൺ, ഡിസംബർ<br>ജനുവരി | അധ്യാപകർ SMC<br>അധ്യാപകർ SMC | |
| വായനാപരിപോഷണം | 1. പെണ്ണ സമൂഹവുമായി ബന്ധപ്പെട്ട് പുസ്തക ശേഖരണം.<br>2. വായനാക്കുറി.<br>3. നാട്ടുവായന. പ്രാദേശിക എഴുത്തുകാരുമായുള്ള സംവാദം. | നവംബർ<br>ആഴ്ചയിൽ<br>ആഗസ്റ്റ് | മദർ പി.ടി.എ, ക്ലബ്ബുകൾ<br>വായനാശാല SMC, SRG<br>ക്ലബ്ബുകൾ - സാഹിത്യക്ലബ്ബ്. | |
| | മധുരം മലയാളം | | ക്ലാസ് - IV | |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം കൊടുക്കൽ. | ലക്ഷ്യം നേടുന്നതു വരെ | SRG ക്ലാസ് ടീച്ചർ | PTA ഫണ്ട്. |

| വായിക്കാം വളരാം. | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തി |
| വായനാശേഷി വളർത്തൽ | ക്ലാസ് വായനാക്കൂട്ടം ക്ലാസ് ലൈബ്രറി ഒരുക്കൽ പുസ്തക പരിചയം വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്, പുസ്തക സംവാദം, ആനുകാലിക വായന. | വർഷം മുഴുവൻ | HM<br>SRG<br>class-teacher<br>CPTA | PTA |
| | എഴുതാം - തെളിയാം | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG<br>class-teacher | PTA |
| എഴുത്തുകാരുമായി സംവദിക്കൽ. | | | | |
| ലേഖനശേഷി വർധിപ്പിക്കൽ സാഹിത്യകാരൻമാരെ അടുത്തറിയൽ. | സാഹിത്യകാരൻമാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | class-teacher | PTA |

## U P Malayalam.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) കുട്ടികൾക്ക് മലയാളം എഴുതാനും വായിക്കാനും സാധിക്കുന്ന രീതിയിൽ ഭാഷാശേഷി വികസനം. | 1) അക്ഷരം ഉറപ്പിക്കൽ<br>2) ചിഹ്നം ഉറപ്പിക്കൽ<br>3) പദനിർമ്മാണം<br>4) ഭാഷാ പരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസ്. | 3 മാസം (ആവശ്യമെങ്കിൽ തുടരും) | മലയാളം അധ്യാപകർ<br>SRG | PTA |
| 2) സ്വതന്ത്ര വായനയ്ക്ക് കുട്ടികളെ പ്രാപ്തരാക്കുക. | 1) ലൈബ്രറി - ക്ലാസ്തല രൂപീകരണം.<br>2) ക്ലാസ്തല ലൈബ്രറി നവീകരണം.<br>3) ക്ലാസ് നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ശേഖരിക്കുക. വിതരണം ചെയ്യുക.<br>4) സ്കൂൾ ലൈബ്രറിയുടെ ഫലപ്രദമായ ഉപയോഗം. | | വിദ്യാരംഗം Coordinator.<br>മലയാളം അധ്യാപകർ<br>SRG | PTA |

| ലക്ഷ്യം. | പ്രവർത്തനം. | കാലം | ചുമതല | സാമ്പത്തിക പിന്തുണ. |
| --- | --- | --- | --- | --- |
| 3) സർഗ്ഗശേഷി വികസനം. സാഹിത്യകൃതികൾ, സാഹിത്യകാരൻമാർ- പരിചയപ്പെടൽ, സർഗ്ഗശേഷി വളർത്തൽ | 1) വായനാനുഭവം പങ്കുവയ്ക്കൽ<br>2) കവിതാലാപന മത്സരം.<br>3) സാഹിത്യക്വിസ്.<br>4) അമ്മമാർക്ക് ഒരു പുസ്തകം- (വീടുകളിലേക്ക് കുട്ടികൾ വഴി)<br>5) ആസ്വാദനക്കുറിപ്പ് അനുഭവക്കുറിപ്പ് തയ്യാറാക്കൽ | June-19 വായനാവാരം<br>ആഴ്ച ബാലകലോത്സവം.<br>Aug September october.<br>ആഴ്ചയിൽ ഒരിക്കൽ | library incharge<br>വിദ്യാരംഗം<br>SRG<br>മലയാളം അധ്യാപകർ | PTA |
| 4) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | 1) പത്രം, ആഴ്ചപ്പതിപ്പുകൾ മാസികകൾ, കഥാപുസ്തകങ്ങൾ നോവലുകൾ, ചെറുകഥകൾ എന്നിവ പഠിതാക്കൾ വായിക്കുകയും ഉച്ചാരണശുദ്ധി ഉറപ്പാക്കുകയും ചെയ്യുന്നു. | എല്ലാ ദിവസവും. | ക്ലാസ് അധ്യാപകർ, മലയാളം അധ്യാപകർ | PTA |

UP HINDI

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| കുട്ടികൾക്ക് ഹിന്ദി അക്ഷരമാല പരിചയപ്പെടുത്തി, വാക്കുകൾ നിർമ്മിക്കുന്നു. | * അക്ഷരമാല ചാർട്ട് പ്രദർശനം<br>* ഐ.സി.ടി. സാധ്യത പ്രയോജനപ്പെടുത്തൽ<br>* അക്ഷരം ഉറപ്പിക്കൽ<br>* ചിഹ്നം ഉറപ്പിക്കൽ<br>* പദനിർമ്മാണം. | ജൂൺ<br>ജൂലായ്<br>ആഗസ്റ്റ് | ഹിന്ദി അധ്യാപകർ | |
| ഹിന്ദി ഭാഷ സംസാരിക്കാൻ സാധിക്കും വിധം ഭാഷാശേഷി വികസനം. | * ഹിന്ദി ഭാഷയിൽ ക്ലാസ് കൈകാര്യം ചെയ്യൽ<br>* ഹിന്ദി ക്ലബ്ബ് പ്രവർത്തനങ്ങൾ<br>* ആഴ്ചയിൽ ഒരു ദിവസം ഹിന്ദി അസംബ്ലി.<br>* ഓരോ ക്ലാസിനും അസംബ്ലിയുടെ ചുമതല. | സെപ്റ്റംബർ<br>ഒക്ടോബർ<br>നവംബർ | ഹിന്ദി അധ്യാപകർ | |

| | | | | |
|---|---|---|---|---|
| ഹിന്ദി ഭാഷയോട് ആഭിമുഖ്യം വളർത്തുക. | * ഹിന്ദി പുസ്തകങ്ങൾ ലൈബ്രറിയിൽ സജ്ജീകരിക്കുക.<br>* ഹിന്ദി ദിനാചരണം<br>* ഹിന്ദി കഥ, കവിത, പ്രസംഗം തുടങ്ങിയ മത്സരങ്ങൾ നടത്തുക.<br>* ഐ.സി.ടി. സാധ്യത പ്രയോജനപ്പെടുത്തൽ | നവംബർ<br>ഡിസംബർ<br>ജനുവരി | ഹിന്ദി അധ്യാപകർ | |
| ഹിന്ദി ഭാഷ മാതൃഭാഷ പോലെ അനായാസം കൈകാര്യം ചെയ്യുന്നതിന് പ്രാപ്തരാക്കുന്നു. പഠന മികവ് കണ്ടെത്തുന്നു. | * മത്സരപരീക്ഷ നടത്തുന്നു.<br>* ഓരോ വിദ്യാർത്ഥിയുടെ മികവും വർഷാവസാന വിലയിരുത്തൽ നടത്തുക. ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക. | ഫെബ്രുവരി<br>മാർച്ച് | ഹിന്ദി അധ്യാപകർ | |

## മേഖല - സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ഭാഷാശേഷി വികസനം<br><br>എല്ലാ കുട്ടികൾക്കും സംസ്കൃതം നന്നായി വായിക്കാനും എഴുതാനും സാധിക്കുന്ന രീതിയിൽ ഭാഷാശേഷി വികസിപ്പിക്കുക | * സംസ്കൃത ഭാഷാ മാധ്യമത്തിലൂടെ തന്നെ ക്ലാസ് കൈകാര്യം ചെയ്യൽ | എല്ലാ ക്ലാസ്സും | സംസ്കൃതം അധ്യാപിക | |
| | * സംസ്കൃതം ക്ലബ്ബ് പ്രവർത്തനങ്ങൾ | മാസത്തിൽ ഒരിക്കൽ | സംസ്കൃതം ക്ലബ്ബ് | |
| | * ആഴ്ച്ചയിൽ ഒരു ദിവസം സംസ്കൃത അസംബ്ലി | ആഴ്ചയിൽ ഒരിക്കൽ | സംസ്കൃതം ക്ലബ്ബ് | |
| | * മാറി മാറി ക്ലാസ്സുകൾക്ക് അസംബ്ലിയുടെ ചുമതല | | | |
| | * മികച്ച ക്ലാസ് റൂം പ്രവർത്തനങ്ങൾ<br>ex: ശബ്ദകോശ നിർമ്മാണം സംഭാഷണം തുടങ്ങിയവ | തുടർ പ്രവർത്തനം | സംസ്കൃതം അധ്യാപിക | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 2. മാതൃഭാഷ പോലെ തന്നെ സംസ്കൃതഭാഷയും അനായാസം കൈകാര്യം ചെയ്യുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക | * സംസ്കൃതഗ്രന്ഥങ്ങൾ വായനയ്ക്ക് | തുടർ പ്രവർത്തനം | | PTA |
| | * സംസ്കൃത ക്ലബിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക. | " | SRG | |
| | * സംസ്കൃത രചനാ മത്സരങ്ങൾ | മാസത്തിൽ ഒരിക്കൽ | SRG & സംസ്കൃതം ക്ലബ് | |
| 3. സംസ്കൃത ഭാഷയോട് അഭിരുചി വളർത്തുക | * സംസ്കൃതദിനാചരണം | ആഗസ്റ്റ് സപ്താഹത്തിൽ | SRG സംസ്കൃതാ അധ്യാപിക | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 4. സംസ്കൃതം സ്കോളർഷിപ്പ് പരമാവധി കുട്ടികൾക്ക് ലഭ്യമാക്കുക. | * സ്കോളർഷിപ്പ് പരീക്ഷയ്ക്ക് ചിട്ടയായ പരിശീലനം<br>സെപ്തംബർ<br>അനുയോജ്യരെ തിരഞ്ഞെടുപ്പ്<br>ഒക്ടോബർ<br>പ്രത്യേക പരിശീലന ക്ലാസുകൾ<br>നവംബർ<br>തിരഞ്ഞെടുത്ത കുട്ടികൾ മാതൃ പരീക്ഷ നടത്തൽ<br>ഡിസംബർ<br>പരീക്ഷാ ഒരുക്കങ്ങൾ | സെപ്തംബർ to ഡിസംബർ | സംസ്കൃതം അധ്യാപിക | |

## മേഖല - യു.പി. ഉർദു

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) മീഠി ആവാസ് ഉർദു ഭാഷ നന്നായി വായിക്കുന്ന രീതിയിൽ ഭാഷാ ശേഷി വികസിപ്പിക്കുക. | 1) വായനയെ പ്രോത്സാഹിപ്പിക്കൽ. | എല്ലാ ക്ലാസ്സും | ഉർദു ടീച്ചർ | |
| | 2) വായന കാർഡുകൾ, ഉർദു ബാല മാസികകൾ എന്നിവ വായനയ്ക്ക് ലഭ്യമാക്കൽ. | ആഴ്ചയിൽ ഒരുദിവസം | ഉർദു ക്ലബ്, ഉർദു ടീച്ചർ | |
| | 3) ഉർദു ക്ലബ് പ്രവർത്തനങ്ങൾ | മാസത്തിൽ ഒരുദിവസം | ഉർദു ക്ലബ് | |
| | 4) ആഴ്ചയിൽ ഒരു ദിവസം ഉർദു അസംബ്ലി. | | ഉർദു ടീച്ചർ | |
| 2) കയ്യെഴുത്ത് മാഗസിൻ ഉർദു ഭാഷ വായിക്കുവാനും | 1) രചനാ ശേഷി വളർത്തൽ<br>2) ഉർദു കയ്യെഴുത്ത് മികച്ചതും ഭംഗിയുള്ളതു-മാക്കൽ | മാസത്തിൽ ഒരു ദിവസം | ഉർദു ക്ലബ് | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| -എഴുതുവാനും അനായാസം കൈകാര്യം ചെയ്യുന്നതിന് പ്രാപ്തരാക്കുക. | 3) കുട്ടികളുടെ സർഗ്ഗാത്മകത വളർത്തൽ. | മാസത്തിൽ ഒരു ദിവസം | ഉർദു ക്ലബ്ബ് | |
| | 4) മാഗസിൻ നിർമ്മിക്കൽ. | | | |
| | 5) ചുമർപത്രിക നിർമ്മിക്കൽ. | മാസത്തിൽ ഒരുദിവസം | ഉർദു ക്ലബ്ബ് | |
| | 6) വായനാ കാർഡ് നിർമ്മിക്കൽ | | | |
| 3) ഉർദുഭാഷയോട് അഭിമുഖ്യം വളർത്തുക | 1) ഉർദു ഭാഷാ ദിനാചരണത്തിന്റെ ഭാഗമായി ഭാഷാ പ്രാധാന്യമുള്ള പ്രാദേശികയിടങ്ങൾ സന്ദർശിക്കുക. | വർഷത്തിൽ ഒരു ദിവസം | ഉർദു ക്ലബ്ബ്, ഉർദു ടീച്ചർ | |
| | 2) വർഷത്തിലെ പ്രധാന ദിനങ്ങളിൽ ഉർദു ഭാഷയിൽ വിവിധ പരിപാടികളും മത്സരങ്ങളും സംഘടിപ്പിക്കൽ. | തുടർ പ്രവർത്തനം | ഉർദു ക്ലബ്ബ്, ഉർദു ടീച്ചർ | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 4) പഠനം ----- ലിഖേം ----- | 1) കുട്ടികളുടെ രചനാപരമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിന് കഥ, കവിത, ചിത്രവായന എന്നിവയ്ക്ക് സാഹിത്യകാരന്മാരുടെ ക്ലാസുകൾ കാണിക്കുവാനുള്ള അവസരം ഒരുക്കൽ. | മാസത്തിൽ ഒരുദിവസം | ഉർദു ടീച്ചർ | |
| 5) മേരി ആവാസ് സുനോ! | 1) 5, 6, 7 ക്ലാസുകളിലെ പാഠപുസ്തകത്തിലെ കവിതകൾ ഈണത്തിൽ അവതരിപ്പിക്കൽ.<br>2) സംഗീത അഭിരുചിയുള്ള കുട്ടികൾക്ക് ഒരു പരിപോഷണ പരിപാടി എന്നതാണ് ഉദ്ദേശം. | മാസത്തിൽ ഒരു ദിവസം | ഉർദുക്ലബ്, ഉർദുടീച്ചർ | |

മേഖല : എൽ.പി. സയൻസ്

ക്ലാസ് : I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| * ആഹാര ശീലങ്ങളും, ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ് | ഭക്ഷ്യമേള - പ്രദർശനം നാടൻ വിഭവങ്ങൾ ഉപയോഗിച്ചുകൊണ്ട് പാചകവും രുചി അറിവും | ജൂൺ - ജൂലൈ ആഗസ്റ്റ് | ക്ലാസ് ടീച്ചർ SRG SMC | SMC |
| * പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | പുഷ്പോദ്യാനം, ഔഷധത്തോട്ടം, ചുറ്റുവട്ടങ്ങളാകെ | സെപ്റ്റംബർ ഒക്ടോബർ | ടീച്ചർ കുട്ടികൾ | കുട്ടികൾ |
| * ചെടിയുടെ ഭക്ഷ്യയോഗ്യമായ ഭാഗങ്ങൾ കണ്ടെത്തുന്നു. | പച്ചക്കറികൾ, പഴങ്ങൾ, കിഴങ്ങുകൾ എന്നിവ കൊണ്ടുവരുന്നു. | നവംബർ ഡിസംബർ | ടീച്ചർ കുട്ടികൾ | കുട്ടികൾ ടീച്ചർ |
| * അടുക്കളത്തോട്ട നിർമ്മാണം | വീട്ടിൽ അടുക്കളത്തോട്ടം നിർമ്മിക്കൽ | ജനുവരി ഫെബ്രുവരി | കുട്ടികൾ | കുട്ടികൾ |

Class : 2

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| * ശുചിത്വ ബോധവും വ്യക്തിത്വവും സ്വഭാവവും സൃഷ്ടിക്കുന്നതിന്. | ശുചിത്വ സർവ്വേ ക്ലാസുകൾ, പോസ്റ്റർ രചനാ മത്സരം അവതരണങ്ങൾ | ജൂൺ, ജൂലൈ | ക്ലാസ് ടീച്ചർ SRG SMC | |
| * പ്രകൃതിയെ അറിയാൻ | പ്രകൃതി നടത്തം കാഴ്ച ബംഗ്ലാവിലേക്ക് കാണാക്കാഴ്ചകൾ | സെപ്റ്റംബർ ഡിസംബർ | ടീച്ചേഴ്സ് SRG SMC | SMC |
| * നാടറിയാൻ - നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം. കൃഷിയിടത്തിലേക്ക് നമുക്കും കർഷകരാകാം. | ജനുവരി | SRG SMC നാട്ടുകാർ | |

Class : 3

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| * ശാസ്ത്രാവബോധം വളർത്തുക | കണ്ടെത്താം അറിയാം ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്നു. കുറിപ്പുകൾ തയ്യാറാക്കൽ | ജൂൺ ജൂലൈ ആഗസ്റ്റ് | ക്ലാസ് ടീച്ചർ | ശാസ്ത്ര ക്ലബ് |
| * പ്രകൃതി വിഭവ സംരക്ഷണം. | ജൈവ-വൈവിധ്യ പാർക്ക്, തടയണ. മഴക്കുഴി നിർമ്മാണം ജലസ്രോതസ്സുകൾ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ. | ജൂലൈ ഡിസംബർ | ക്ലാസ് ടീച്ചർ, PTA, SRG | SMC |
| * ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ. | ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം. പരീക്ഷണം-വീഡിയോകൾ ശാസ്ത്ര മാസികകൾ. | ജനുവരി ഫെബ്രുവരി | ക്ലാസ് ടീച്ചർ രക്ഷിതാക്കൾ SRG | രക്ഷിതാക്കൾ |

ക്ലാസ് : 4

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * നിരീക്ഷണം- അറിവ് നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട് ക്ലിപ്പിങ്സ് ഡിവിഡികൾ സംഘടിപ്പിക്കൽ. | ആവശ്യാനുസരണം | HM<br>CPTA | PTA |
| * ശാസ്ത്രമൂല<br>ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA<br>SSA |
| * ഭൂപട വായന കേരളം-ഇന്ത്യ സൂചിക-പരിചയപ്പെടൽ. | ഭൂപട വായന<br>ഭൂപട രചന<br>സൂചികാനിർമ്മാണം. | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |
| * ശാസ്ത്രമാസിക | മാസിക നിർമ്മാണം | വർഷത്തിലൊന്ന് | HM<br>SRG<br>ക്ലാസ്ടീച്ചർ | PTA |

മേഖല : യു.പി സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ജീവിതസാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | <u>വൃന്ദാവനം - ജൈവവൈവിധ്യ പാർക്ക്</u><br>ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ് നാച്വറൽ ക്ലബ്ബ് | പി.ടി.എ |
| | <u>കണ്ടറിയാമൊരു യാത്ര</u><br>വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ. | ജൂലൈ | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ് ഊർജ്ജ ക്ലബ്ബ് | രക്ഷിതാക്കൾ |
| | <u>പരീക്ഷണക്കളരി</u><br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘു പരീക്ഷണങ്ങളിലൂടെ ശാസ്ത്രക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ | ജൂൺ | ശാസ്ത്രാധ്യാപകർ ഊർജ്ജക്ലബ്ബ് സയൻസ് ക്ലബ്ബ് | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2. ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക. ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു.<br>**മാസ്റ്റർ മൈൻഡ്**<br>ഊർജ്ജ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ്, നാച്ചുറൽ ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി വിദഗ്ദ്ധർക്ക് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, നാച്ചുറൽ ക്ലബ്ബ് | |
| | **എക്സ്പോ - എക്സ്പ്ലോർ**<br>ആധുനിക ശാസ്ത്രലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **ശാസ്ത്ര വിസ്മയ ചുമർ**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | **മുഖാമുഖം**<br>ശാസ്ത്രരംഗത്തെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്രശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | പി.ടി.എ സയൻസ് ക്ലബ്ബ് |
| | **യുരേക്കാ**<br>കുട്ടികളിൽ ശാസ്ത്രാവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്രമാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3) ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ, ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | വിസ്മയയാത്ര<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര സത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 4) പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണാത്മകത വർദ്ധിപ്പിക്കൽ | Laboratory പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു. ഇലക്ട്രോണിക്സ്, റോബോട്ടിങ് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

## മേഖല - എൽ.പി. സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇന്ത്യൻ സ്വാതന്ത്ര്യ സമര ചരിത്രത്തിലെ പ്രധാന സംഭവങ്ങൾ അറിയുക. | • സ്വാതന്ത്ര്യസമര സേനാനികളുടെ ചിത്രങ്ങളും അവരുടെ സംഭാവനകളും ശേഖരിച്ച് കണ്ടെത്തുന്നു ചാർട്ടിൽ എഴുതി അവ പ്രദർശിപ്പിക്കുന്നു.<br>• സ്വാതന്ത്ര്യസമര ചരിത്രം ചുമർ പത്രിക തയ്യാറാക്കുന്നു | ജൂലായ് | ക്ലാസ് ടീച്ചർ | |
| • നാടിന്റെ ഭരണ സംവിധാനത്തെ കുറിച്ച് മനസ്സിലാക്കുന്നു | • സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് നടത്തുന്നു.<br>• ഗ്രാമ സഭകളിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നു. | • ജൂലായ് | SRG | |

| | | | | |
|---|---|---|---|---|
| കേരളത്തിലെ കലാരൂപങ്ങൾ തിരിച്ചറിയുക. | · നാടൻ പാട്ടരങ്ങ് സംഘടിപ്പിക്കുന്നു.<br>· കലാരൂപങ്ങളുടെ ഡോക്യുമെന്ററി പ്രദർശനം | സെപ്റ്റംബർ | ക്ലാസ് ടീച്ചർ | |
| രാത്രിയും പകലും രൂപപ്പെടുന്നതെങ്ങനെയെന്ന് അറിയുക | · സൗരയൂഥ മാതൃക പ്രദർശിപ്പിക്കുന്നു.<br>· പരീക്ഷണം ചെയ്യുന്നു | നവംബർ | ക്ലാസ് ടീച്ചർ | |
| . സൂചിക അടിസ്ഥാനപ്പെടുത്തി ഭൂപടം വായിക്കുന്നു. | · ലോക ഭൂപടത്തിൽ നിന്ന് ഇന്ത്യയെയും ഇന്ത്യയിൽ നിന്ന് കേരളത്തെയും കേരള ഭൂപടത്തിൽ നിന്ന് തൃശ്ശൂർ ജില്ലയും തൃശ്ശൂരിന്റെ ഭൂപടത്തിൽ നിന്ന് പഞ്ചായത്തും കണ്ടെത്തുന്നു. | നവംബർ | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| · ദിക്കുകൾ തിരിച്ചറിയുക | · ദിക്കുകൾ തിരിച്ചറിഞ്ഞ് സ്കൂളിന്റെ രേഖാചിത്രം തയ്യാറാക്കുന്നു. | നവംബർ | ക്ലാസ് ടീച്ചർ | |
| · വൈവിധ്യങ്ങളുടെ നാടായ ഇന്ത്യയെപ്പറ്റി കൂടുതൽ മനസ്സിലാക്കുന്നു | · ഇന്ത്യയുടെ ഭൂപടം തയ്യാറാക്കുന്നു.<br>· ദേശീയ ചിഹ്നങ്ങൾ ഉൾപ്പെടുത്തി ചുമർ പത്രിക തയ്യാറാക്കുന്നു. | ഡിസംബർ | ക്ലാസ് ടീച്ചർ<br>SRG | |
| · റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട വിവരങ്ങൾ സ്വായത്തമാക്കുക | · ട്രാഫിക് സിഗ്നൽ പരിചയപ്പെടുത്തുന്നു<br>· റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് ക്ലാസ് നൽകുന്നു. | ഡിസംബർ | SRG | PTA |

| | | | | |
|---|---|---|---|---|
| പഴയകാല വാർത്താ വിനിമയ സംവിധാനങ്ങൾ തിരിച്ചറിയുകയും ഈ രംഗത്തെ ക്രമാനുഗതമായ വളർച്ച തിരിച്ചറിയുകയും ചെയ്യുന്നു. | · സ്കൂൾ തലത്തിൽ പഴയ കാല വാർത്താവിനിമയ സംവിധാനങ്ങളിൽ വന്ന മാറ്റങ്ങൾ ഐസിടിയുടെ സഹായത്താൽ പ്രദർശിപ്പിക്കുന്നു. | ഫെബ്രുവരി | ക്ലാസ് ടീച്ചർ SRG | |
| പൊതുസ്ഥാപനങ്ങളെ കുറിച്ചും അവ നൽകുന്ന സേവനങ്ങളെക്കുറിച്ചും അറിയുന്നു. | · നാട്ടിലെ പൊതുസ്ഥാപനങ്ങൾ സന്ദർശിക്കുന്നു. സേവനങ്ങൾ മനസ്സിലാക്കുന്നു | മാർച്ച് | ക്ലാസ് ടീച്ചർ SRG | PTA |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| 1. സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാന അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ. | അങ്കത്തട്ട് - കളിയിൽ നിന്ന് കാര്യത്തിലേക്ക് സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാന അറിവ് പരിശോധിക്കുന്നതിന് ചോദ്യോത്തരങ്ങൾ ഓരോ പഠിതാവിനും നൽകുന്നു. ICT സാധ്യതകളെക്കുറിച്ച് ഇന്ത്യയുടെയും കേരളത്തിന്റെയും ഭൂപ്രകൃതിയെയും മറ്റും ചോദ്യങ്ങൾ തയ്യാറാക്കി Memory Test നടത്തുന്നു. | അക്കാദമിക വർഷാരംഭം. | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2. പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | Virtual Field Trip ICT സാധ്യതകളുപയോഗിച്ച് ലോകം, ഇന്ത്യ, കേരളം എന്നിവയിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ, ഫോട്ടോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം. | സാമൂഹ്യ ശാസ്ത്ര അധ്യാപകർ. | |
| 3. ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യത്തെ മനസ്സിലാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 4. പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു | ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ് വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് ബോധവാന്മാരാക്കുകയും ചെയ്യുന്നു | അക്കാദമിക വർഷം. | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 5. സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു | ദുരന്തത്തിൽ അകപ്പെട്ടവർക്കും രോഗാവസ്ഥയിൽ ഉൾപ്പെട്ടവർക്കും കുട്ടികൾ മിതവ്യയശീലത്തിന്റെ ഭാഗമായി സ്വരൂപിച്ച സാധനസാമഗ്രികൾ കൊടുക്കുക. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | P T A |
| 6. സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | [ഗ്രീൻ ട്രിപ്പ്, സർവ്വേ] പരിസ്ഥിതി പ്രശ്നങ്ങൾക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർത്തടങ്ങൾ ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തുക. | അക്കാദമിക വർഷം. | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്. |

| | | | | |
|---|---|---|---|---|
| 7. വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവന്മാരാക്കുന്നു. | ചിലന്തി വലയിൽ നിന്നും കുതിച്ചുചാട്ടം !<br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം. | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 8. സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് എത്തിക്കുന്നു. | സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിർദേശങ്ങൾ കൊണ്ടുന്ന രീതിയിലൂടെ ചോദ്യോത്തരവേളകൾ ക്വിസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം. | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

മേഖല - LP- ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക ചുമതല |
|---|---|---|---|---|
| * കുട്ടികളിൽ അടിസ്ഥാന ഗണിത ശേഷി വികസിപ്പിക്കൽ | സംഖ്യാപരിചയം - എണ്ണൽ, അടിസ്ഥാന ഗണിത ശേഷി ചേർക്കൽ (വ്യവകലനം, സങ്കലനം) | ജൂൺ, ജൂലൈ | SRG, ക്ലാസ് ടീച്ചർ | |
| * ഗണിത ചിന്താശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം. (കുസൃതി കണക്കുകളും ഗണിത പസിലുകളും പരിചയപ്പെടൽ) | ആഴ്ചയിൽ ഒന്നു ദിനം | SRG ക്ലാസ് ടീച്ചർ | |
| * ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയൽ | രൂപങ്ങൾ തിരിച്ചറിയൽ, ഒറിഗാമി, ടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ | പാഠഭാഗത്തിനനുസരിച്ച് | SRG ക്ലാസ് ടീച്ചർ | PTA |
| * ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗുണന അടിസ്ഥാനങ്ങൾ ഉപയോഗം, പ്രശ്നോത്തരി, ചാർട്ടിൽ ചാർട്ട് പ്രദർശനം | സെപ്തംബർ ഒക്ടോബർ | SRG ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| ഇടപെടൽ അടിസ്ഥാന മേഖലയിലുള്ള പഠനം ഉറപ്പാക്കുക · | ആവർത്തനവും വിലയിരുത്തലും<br>വായന പതിപ്പ്, പ്രവർത്തനപാഠം, അഭ്യാസങ്ങൾ നൽകൽ, ഡിജിറ്റൽ വിഭവങ്ങൾ, ഗണിത ആപ്പുകൾ, വിദ്യാഭ്യാസ വീഡിയോകൾ, ഗ്രൂപ്പ് ചർച്ചകൾ<br>കുട്ടികളുടെ പുരോഗതി രേഖപ്പെടുത്തൽ, രക്ഷിതാക്കൾക്ക് ഫീഡ്ബാക്ക് നൽകൽ . | ഡിസംബർ, ജനുവരി·<br>ഫെബ്രുവരി | SRG ക്ലാസ് ടീച്ചർ<br>SRG· | |
| *ഗണിതലാബ് - ഗണിത പഠനം സുതാര്യമാക്കൽ | ഗണിതലാബ് ഒരുക്കൽ പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ . | SRG | PTA. |
| * ഗണിതശേഷികളുടെ പ്രകടനം | പ്രശ്നോത്തരി, പസ്സിൽ, പാറ്റേൺ, പഠനോൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിൽ ഒന്ന് വീതം | SRG | PTA |

മേഖല : യു പി ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| 1) കുട്ടികളുടെ അടിസ്ഥാന ഗണിതശേഷി വർദ്ധിപ്പിക്കൽ | ചതുഷ്ക്രിയകൾ ചെയ്യാനുള്ള ശേഷി വർദ്ധിപ്പിക്കുക. (കാർഡുകൾ, മുത്തുകൾ എന്നിവ ഉപയോഗിച്ചുള്ള കളികൾ) | ഒരു മാസം | ഗണിത അധ്യാപകർ | |
| 2) ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയാൻ കുട്ടികളെ പരിശീലനം | വിവിധ തരത്തിലുള്ള രൂപങ്ങൾ കാണിക്കുക. (ഐ.സി.ടി സാങ്കേതികവിദ്യ പ്രയോജനപ്പെടുത്താം.) | ഒരു മാസം | ഗണിത അധ്യാപകർ | |
| 3) അളവുകൾ പരിചയപ്പെടുത്തുക. | നീളം, ദൂരം, ഭാരം എന്നിവയുടെ അടിസ്ഥാന ആശയങ്ങൾ പരിചയപ്പെടുത്തുക. നിത്യജീവിതത്തിൽ നിന്നുള്ള ഉദാഹരണങ്ങൾ ഉൾക്കൊള്ളിക്കാം. | ഒരു മാസം | ഗണിത അധ്യാപകർ | |
| 4) ഗണിതം മധുരമാക്കൽ | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ക്ലാസ്സുകൾ സംഘടിപ്പിക്കുക. | എല്ലാ മാസവും | ഗണിത അധ്യാപകർ ഗണിത ക്ലബ്. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) പ്രശ്ന പരിഹാര ശേഷി വർദ്ധിപ്പിക്കുന്നു. | നിത്യജീവിതവുമായി ബന്ധപ്പെട്ട് ഉള്ള പ്രശ്നങ്ങളെ ഗണിതരൂപമായി ബന്ധിപ്പിച്ച് പരിഹാരം തേടാനുള്ള ശേഷി വർദ്ധിപ്പിക്കുന്നു. | വർഷം മുഴുവൻ | ഗണിത അധ്യാപകർ | |
| 6) ഗണിത ലാബിന്റെ പരിചയപ്പെടുത്തൽ | പാഠഭാഗങ്ങൾക്ക് അനുസരിച്ച് ഗണിത ലാബ് ഉപയോഗിക്കുക | വർഷം മുഴുവൻ | ഗണിത അധ്യാപകർ ഗണിത ക്ലബ്. | |
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുന്നിരയിലെത്തിക്കുക | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ ക്ലാസ്സ്ടീച്ചറിന്റെ സഹായത്തോടെ കണ്ടെത്തി പോരായ്മകൾ നികത്താനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകർ, ക്ലാസ്സ് ടീച്ചർ | |

| മേഖല - ICT | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിഭവസമാഹരണം |
| 1. ചിത്രരചന സോഫ്റ്റ്‌വെയറുകൾ പരിചയപ്പെടുത്തൽ<br>Kalour paint | * ഡിജിറ്റൽ ചിത്രം വരച്ച് നിറം നൽകൽ<br>* പോസ്റ്റർ ചിത്രം വരക്കൽ<br>Kalour paint ജാലകം തുറന്ന് ടൂളുകളുടെ ഉപയോഗം മനസ്സിലാക്കി ചിത്രം വരച്ച് നിറം നൽകുന്നു. | June & July | I.C.T കോർഡിനേറ്റർ | P.T.A |
| 2. ഇന്റർനെറ്റിന്റെ സാധ്യതകൾ തിരിച്ചറിയൽ<br>Internet | * പ്രോജക്ട് ശേഖരിക്കാൻ Internet-ന്റെ സഹായത്തോടെ ഉപയോഗം മനസ്സിലാക്കുന്നു. ഉള്ളടക്കത്തിൽ പ്രോജക്ട് ശേഖരിക്കുന്നതിനാവശ്യമായ വിവരങ്ങൾ Internet-ൽ നിന്നും ശേഖരിക്കുന്നു. | July & September | I.C.T കോർഡിനേറ്റർ | I.T club |

| | | | | |
|---|---|---|---|---|
| 3. ടൈപ്പ് ചെയ്യു-ന്ന ഭേദഗതിയും ചെയ്യുന്നതിന് സഹാ-യകമായ ഒരു സോഫ്റ്റ്‌വെയറിനെ പരിചയപ്പെടുത്തൽ Libre office writer | * ടൈപ്പിംഗ്, ഫോർമാറ്റിംഗ് പരിശീലിക്കൽ വിവിധ ഭാഷകളും ചിത്രങ്ങളും കൂടി Libre office writer ഉപയോഗിച്ച് ടൈപ്പിങ് പരിശീലിക്കുന്നതിനുള്ള കഴിവ് നേടുന്നു. | october | I.C.T കോർഡിനേറ്റർ | Staff |
| 4. Software ഉപ-യോഗിച്ച് ജ്യാമിതീയ രൂപങ്ങൾ നിർ-മ്മിക്കൽ Geogebra | * ത്രികോണ നിർമ്മാണം * ചതുർഭുജങ്ങൾ നിർമ്മാണം ജിയോജിബ്ര സോഫ്റ്റ്‌വെയറിലെ ടൂളുകളെ പരിചയപ്പെട്ട് ത്രികോണങ്ങൾ, ചതുർഭുജങ്ങളും നിർമ്മിക്കുന്നു. | November & December | I.C.T കോർഡിനേറ്റർ | P.T.A |
| 5. ചിത്രങ്ങളും, വീഡി-യോകളും ശബ്ദവും ഉൾപ്പെടുത്തി പ്രസന്റേഷൻ തയ്യാറാക്കൽ Libre office Impress | * പ്രസന്റേഷൻ നിർമ്മാണം Text, Image, Audio & Video എന്നിവ ഉൾപ്പെടുത്തി Impress software ഉപയോഗിച്ച് പ്രസന്റേഷൻ നിർമ്മിക്കുന്നു. | January | I.C.T കോർഡിനേറ്റർ | I.T. club |

മേഖല: കലാ - കായികം  ഉപമേഖല: ചിത്രകല, കായികം പ്രവൃത്തി പരിചയം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 1. കുട്ടികളുടെ ഉള്ളിൽ അന്തർലീനമായിരിക്കുന്ന സവിശേഷ ശേഷികളെ കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.<br>2. സ്വയം തൊഴിൽ മേഖലയിലേക്ക് കുട്ടികളെ പ്രോ | കലകളിൽ താൽപര്യമുള്ള മുഴുവൻ കുട്ടികൾക്കും പരിശീലനം. കുട്ടികളുടെ സർഗ്ഗ സൃഷ്ടികളുടെ പ്രദർശനം. | അക്കാദമിക വർഷം | അധ്യാപകർ | പി.ടി.എ |

| | | | | |
|---|---|---|---|---|
| സാഹിപ്പിക്കുന്നു. | ചോക്ക്, കുട എന്നിവയുടെ നിർമ്മാണം. | അവധിക്കാലം, ഒഴിവിൽ വെയ് | അധ്യാപകർ | പൂർവ്വ വിദ്യാർത്ഥികൾ |
| 3. ശാരീരിക മാനസിക ആരോഗ്യം പരിപോഷിപ്പിക്കൽ | യോഗ പരിശീലനം (ആഴ്ചയിൽ ഒരിക്കൽ) അസംബ്ലി ദിവസങ്ങളിൽ മാസ്ഡ്രിൽ (ആഴ്ചയിൽ ഒരു ദിവസം ക്ലാസ് അടിസ്ഥാനത്തിൽ പരിശീലനം) | അക്കാദമിക വർഷം | അധ്യാപകർ | |
| | വിദ്യാലയത്തിലെ കുട്ടികളെ പരിശീലിപ്പിച്ച് ജില്ലാ | ഒരു വർഷത്തിനുള്ളിൽ | | |

| | | | | |
|---|---|---|---|---|
| | തലത്തിൽ മത്സരിപ്പിക്കുന്നതിന് ടീം രൂപീകരണം. | | | |
| 4. സദസ്സിനെ അഭിമുഖീകരിക്കുവാൻ ആത്മവിശ്വാസം വളർത്തൽ, ആത്മധൈര്യം നേടൽ | ഒരു പഠിതാവ് നേടിയെടുക്കേണ്ട മൂല്യങ്ങളായ ബഹുമാനം, സ്നേഹം, സഹാനുഭൂതി എന്നിവയൊക്കെ മുൻനിർത്തി ക്ലാസ് അടിസ്ഥാനത്തിൽ കുട്ടികൾ തന്നെ ഒരുക്കുന്ന നാടകങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ക്ലാസ് അധ്യാപകർ | |

മേഖല : വ്യക്തിഗത വികസനം

ലക്ഷ്യം: കുട്ടികളുടെ കഴിവുകൾ , അറിവ്, സ്വഭാവം എന്നിവ മെച്ചപ്പെടുത്തി വ്യക്തിപരവും തൊഴിൽപരവുമായ ജീവിതത്തിൽ പൂർണ്ണമായ വളർച്ച കൈവരിക്കുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്വയം വിലയിരുത്തൽ | * സ്വന്തം ശക്തിയും ബലഹീനതയും തിരിച്ചറിയുക<br>* താല്പര്യങ്ങൾ , മൂല്യങ്ങൾ , അഭിനിവേശങ്ങൾ എന്നിവ നിർണ്ണയിക്കുക .<br>* ജീവിതത്തിലെ പ്രധാന മേഖലകൾ വിലയിരുത്തുക (കുടുംബം, തൊഴിൽ , ആരോഗ്യം, സാമൂഹിക ബന്ധങ്ങൾ, വ്യക്തിഗത വളർച്ച | 1 വർഷം | രക്ഷിതാക്കൾ അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ലക്ഷ്യങ്ങൾ നിർണ്ണയിക്കുക | നിങ്ങൾ എന്താണ് നേടാൻ ആഗ്രഹിക്കുന്നതെന്ന് വ്യക്തമാക്കുക (Smart ലക്ഷ്യങ്ങൾ - നിർദ്ദിഷ്ടം, നേടാൻ കഴിയുന്നത്, പ്രസക്തം, സമയബന്ധിതം<br>ഹ്രസ്വകാല, ഇടത്തരം, ദീർഘകാല ലക്ഷ്യങ്ങൾ എന്നിങ്ങനെ തരംതിരിക്കുക.<br>ഓരോ ലക്ഷ്യത്തിനും ഒരു ടൈം ലൈൻ നിശ്ചയിക്കുക | 1 ആഴ്ച | രക്ഷിതാക്കൾ<br>അധ്യാപകർ | |
| അറിവ് നേടുക | * പുസ്തകങ്ങൾ വായിക്കുക<br>ലേഖനങ്ങൾ പഠിക്കുക<br>ഓൺലൈൻ കോഴ്സുകൾ ചെയ്യുക<br>സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, കോൺഫറൻസ് എന്നിവയിൽ | 1 വർഷം | അധ്യാപകർ<br>SRG<br>രക്ഷിതാക്കൾ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | ഉൾക്കൊള്ളുക | | | |
| പുതിയ കഴിവുകൾ നേടുക | ഭാഷാ പഠനം, സാങ്കേതിക വൈദഗ്ധ്യം, ആശയവിനിമയ ശേഷി, നേതൃത്വഗുണങ്ങൾ എന്നിവയിൽ പരിശീലനം നേടുക | 2 വർഷം | അധ്യാപകർ രക്ഷിതാക്കൾ SRG | |
| പുതിയ നല്ല ശീലങ്ങൾ വളർത്തുക. | കൃത്യ സമയത്ത് കാര്യങ്ങൾ ചെയ്യുക, ചിട്ടയായ ജീവിതം നയിക്കുക. ആരോഗ്യകരമായ ഭക്ഷണക്രമം പിന്തുടരുക ധ്യാനം, യോഗ തുടങ്ങിയ കാര്യങ്ങൾ ശീലിക്കുക | 1 വർഷം | അധ്യാപകർ രക്ഷിതാക്കൾ | |

# തനതു പ്രവർത്തനങ്ങൾ 2025-26

| പ്രവർത്തനത്തിന്റെ പേര് | കാലഘട്ടം | പ്രവർത്തനം നടപ്പിലാക്കുന്ന രീതി |
|---|---|---|
| * സ്കൂളിലെ ലാബ് നവീകരണവും ശാസ്ത്രമേളയും | ജൂലൈ മാസം | ലാബ് നവീകരണത്തിനായി ഉള്ള ശാസ്ത്രവിഷയങ്ങളുമായി ബന്ധപ്പെട്ട പഠനസാമഗ്രികൾ ശാസ്ത്രലാബിൽ ഉണ്ടായിരിക്കുകയും യഥാസമയം കുട്ടികൾക്ക് ഉപയോഗയോഗ്യമാക്കുകയും ചെയ്യും. ശാസ്ത്രത്തിൽ അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി പരിശീലനം നൽകി ശാസ്ത്രമേളകൾക്ക് പ്രോത്സാഹനം നൽകും. |
| * ശാസ്ത്രകയ്യെഴുത്ത് മാസിക | ആഗസ്റ്റ്, സെപ്റ്റംബർ | കഥ, കവിത, കാർട്ടൂൺ, |

| | | |
|---|---|---|
| | | ലേഖനം, സയൻസ് ഫിക്ഷൻ ഇടങ്ങിയ ശാസ്ത്രരചനകൾ അടങ്ങിയ കുട്ടികളുടെ കൈയെഴുത്തു മാസിക എല്ലാ ക്ലാസ്സിലും തയ്യാറാക്കുന്നു. ആഗസ്റ്റ് ആദ്യവാരം ആരംഭിക്കുന്ന പ്രവർത്തനം സെപ്റ്റംബർ അവസാനവാരം പൂർത്തീകരിക്കണം. മികച്ച മാസികയ്ക്ക് സ്കൂൾതലത്തിൽ സമ്മാനം നൽകണം. |
| * ബുള്ളറ്റിൻ ബോർഡ് | ഒക്ടോബർ മാസം | പരിസ്ഥിതി ക്ലബിന്റെയും സയൻസ് ക്ലബിന്റെയും നേതൃത്വത്തിൽ ബുള്ളറ്റിൻ ബോർഡ് |

| | | |
|---|---|---|
| | | രുന്നു. ശാസ്ത്രവിഷയങ്ങളുമായി ബന്ധപ്പെട്ട് അറിയിപ്പിക്കുന്ന വിവരങ്ങളും ബുള്ളറ്റിൻ ബോർഡിൽ പ്രദർശിപ്പിക്കാറുണ്ട്. ഏതു ആഴ്ചയിലും നൂതനമായ ആശയങ്ങൾ കണ്ടെത്തി പ്രദർശിപ്പിക്കുന്നതിനുവേണ്ടി കുട്ടികളുടെ കൺവീനർമാരും ജോയിന്റ് കൺവീനർമാരും ഇതിന്റെ ചുമതല നൽകാറുന്നതാണ്. |

# മോണിറ്ററിംഗ്

സ്കൂൾ ഹെഡ്മാസ്റ്റർ, മാനേജ്മെന്റ്, പി.ടി.എ, എം.പി.ടി.എ, - ഭാരവാഹികൾ, വാർഡ് കൗൺസിലർമാർ, എസ്.എസ്.എ, എസ്, എസ്, ജി, എസ്.എം.സി. പ്രതിനിധികൾ എന്നിവരെല്ലാം ഉൾപ്പെട്ട വിപുലമായ കമ്മിറ്റി വിദ്യാലയത്തിന്റെ അക്കാദമിക പ്രവർത്തനങ്ങ-ളെ നിരന്തരമായി വിലയിരുത്തുന്നു.

# ഉപസംഹാരം

സത്യമെന്ന ശാശ്വത മൂല്യത്തിന്റെ മൂന്ന് ആവിഷ്കാരമണ്ഡലങ്ങളായ മാനവശ്രേഷ്ഠതയ്ക്കും, മാനവികതയ്ക്കും, ദൈവികതയ്ക്കും ഊന്നൽ കൊടുത്തുകൊണ്ട് ഗ്രഹണശക്തി, ധാരണശക്തി, മനനശക്തി എന്നീ ശക്തികളാൽ വിദ്യാർത്ഥികളിൽ ശാരീരികവും - മാനസികവും - ബൗദ്ധികവും - ആദ്ധ്യാത്മികവുമായ സിദ്ധികളെ പുറത്തു കൊണ്ടുവരാനുള്ള പരിശ്രമമാണ് സെന്റ്. ജോസഫ്സ് യു.പി. സ്കൂൾ, കുണ്ടന്നൂർ വിഭാവനം ചെയ്യുന്നത്